പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1386 — 14.6.2013-ൽ മറുപടിക്ക്

## മൊബൈൽ ഇൻസിനറേറ്റർ

**ചോദ്യം**

ശ്രീ. എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ
,, ഐ. സി.ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

എ) നഗരങ്ങളിൽ മാലിന്യനിർമ്മാർജ്ജനത്തിനായി മൊബൈൽ ഇൻസിനറേറ്റർ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

ഡി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ ശുചിത്വമിഷൻഎന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)

എ) ബി) & സി) തിരുവനന്തപുരം നഗരസഭയുടെ വിളപ്പിൽ ശാലയിലെ മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തന രഹിതമായപ്പോൾ അടിയന്തിരഘട്ടത്തിൽ മാലിന്യ സംസ്കരണം നടത്തുന്നതിലേക്കായി ഒരു മൊബൈൽ ഇൻസിനറേറ്റർ വാങ്ങുകയുണ്ടായി. ഈ മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഇന്ധന ചെലവിന്റെ 50% തുക വഹിക്കാൻ തയ്യാറായിട്ടുള്ള നഗരസഭകൾക്ക് മൊബൈൽ ഇൻസിനറേറ്റർ കൊണ്ടുപോയി പ്രവർത്തിപ്പിക്കാൻ സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം നഗരസഭ മുകളിൽപ്പറഞ്ഞ നിബന്ധന പാലിക്കുവാൻ തയ്യാറാണെങ്കിൽ അവർക്ക് മുൻഗണന നല്കാനുമാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

ഡി) മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിന് ആയത് സപ്ലൈ ചെയ്ത ഏജൻസിയുമായി കരാറിൽ ഏർപ്പെടുന്നതിലേക്ക് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതു പ്രകാരം ഏജൻസിയുമായി കരാറിലേർപ്പെടാൻ നടപടികൾ സ്വീകരിക്കുന്നതും മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കാൻ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ മൊബൈൽ ഇൻസിനറേറ്ററിന്റെ ഉടമസ്ഥാവകാശം ഏറ്റെടുക്കുന്നതിനും ഇൻഷുറൻസ് എടുക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തിക്കുമ്പോൾ ഒരോ ദിവസവും ഉപയോഗിക്കുന്ന ഡീസലിന്റെ അളവ്, സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവ് എന്നിവ ലോഗ് ബുക്ക് പ്രകാരം രേഖപ്പെടുത്താനും ഇവ ഏറ്റെടുക്കുന്ന തദ്ദേശസ്വയഭരണ സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥന്റേയും ശുചിത്വമിഷന്റെ ജില്ലാ കോ-ഓർഡിനേറ്ററുടേയും മേൽ നോട്ടത്തിൽ പ്രവർത്തിപ്പിക്കാനുമാണ് നടപടി എടുത്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ